പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T 1853 08.06.2018-ലെ മറുപടിക്ക്

# റോഡ് സുരക്ഷാ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അനിൽ കുമാർ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | റോഡ് സുരക്ഷയ്ക്കായി പൂർണ്ണ ചുമതലയുള്ള കമ്മീഷണറെ നിയമിച്ചിട്ടുണ്ടോ; ഇതുമൂലം റോഡ് സുരക്ഷാ പദ്ധതികൾക്കുണ്ടായിട്ടുള്ള നേട്ടം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. റോഡ് സുരക്ഷാ കമ്മീഷണറുടെ നിയമനത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ പദ്ധതികളും പ്രവർത്തനങ്ങളും അവലോകനം ചെയ്യുന്നതിനും അനുബന്ധ വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും സാധിക്കുന്നുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പിന് റോഡ് സുരക്ഷയ്ക്കായി പദ്ധതി-പദ്ധതിയേതര ഇനത്തിൽ ഫണ്ട് ലഭിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | റോഡ് സുരക്ഷാ ഫണ്ടിലേക്ക് നിലവിൽ എത്ര തുക നീക്കിവെച്ചിട്ടുണ്ട്; പ്രസ്തുത ഫണ്ട് ഏതൊക്കെ കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | പൊതുമരാമത്ത്(നിരത്ത് വിഭാഗം ) വകുപ്പിന് നടപ്പ് സാമ്പത്തിക വർഷത്തിൽ റോഡ് സുരക്ഷയ്ക്കായി പദ്ധതി ഇനത്തിൽ 4.25 കോടി രൂപ (നാല് കോടി ഇരുപത്തി അഞ്ച് ലക്ഷം രൂപ)യും, പദ്ധതിയേതര ഇനത്തിൽ 2.00 കോടി രൂപ (രണ്ട് കോടി രൂപ)യും വകയിരുത്തിയിട്ടുണ്ട്.<br>പൊതുമരാമത്ത് (ദേശീയപാത വിഭാഗം) വകുപ്പിന് നടപ്പ് സാമ്പത്തിക വർഷത്തിൽ റോഡ് സുരക്ഷയ്ക്കായി പദ്ധതി ഇനത്തിൽ |

| | | | |
|---|---|---|---|
| | | | 16,30,97,000 രൂപയും അനുവദിച്ചിട്ടുണ്ട്. 2018-19-ലെ ബജറ്റ് വിഹിതമായി കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക്, റോഡ് സുരക്ഷാ ഫണ്ടിലേക്ക് ചാർജ്ഡ് ഇനത്തിൽ 70.25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ട്രാഫിക് സിഗ്നൽ ലൈറ്റുകൾ, നിരീക്ഷണ ക്യാമറകൾ, ദിശാ ബോർഡുകൾ, റോഡ് മാർക്കിംഗ്, റിഫ്ലക്റ്റീവ് സ്റ്റഡുകൾ എന്നിവ സ്ഥാപിക്കൽ, ട്രോമകെയർ സംവിധാനം ഏർപ്പെടുത്തൽ, ഇൻറർസെപ്റ്റർ വാഹനങ്ങൾ, ആംബുലൻസ്, ആൽക്കോമീറ്റർ എന്നിവ വാങ്ങുന്നതിനും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമാണ് റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിക്കുന്നത്. |
| (ഡി) | റോഡ് സുരക്ഷ സംബന്ധിച്ച് അംഗീകൃത പഠനമോ ഗവേഷണമോ നടക്കുന്നുണ്ടോ; ഇതിനായി പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | കേരള റോഡ് സുരക്ഷാ അതോറിറ്റിക്കുവേണ്ടി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള എജൻസിയായ നാറ്റ്പാക് വഴി റോഡ് സുരക്ഷ സംബന്ധിച്ച പഠനങ്ങൾ നടത്താറുണ്ട്. അനുവദിച്ച ഫണ്ട് ഇതിനായി വിനിയോഗിക്കുന്നുണ്ട്. |
| (ഇ) | 2017-ൽ ട്രോമാ കെയർ പരിപാടിക്കായി റോഡ് സുരക്ഷാ ഫണ്ട് വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഇ) | 2017-ൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ട്രോമകെയർ സൗകര്യമൊരുക്കുന്നതിനായി റോഡ് സുരക്ഷാ അതോറിറ്റി 38,88,051/- രൂപ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ